പദ്ധതി പരിഗണനയിലുണ്ട്. നീലേശ്വരം മുനിസിപ്പാലിറ്റിയെയും കയ്യൂർ - ചീമേനി പഞ്ചായത്തിനെയും ബന്ധിപ്പിച്ച് റോഡ് ഗതാഗതം സാധ്യമാക്കുന്നതോടൊപ്പം ഉപ്പുവെള്ളം തടയുക, ജലസേചന സൗകര്യം വർദ്ധിപ്പിക്കുക, കുടിവെള്ളക്ഷാമം പരിഹരിക്കുക, ഭൂഗർഭ ജലം നിലനിർത്തുക, ടൂറിസം വികസനത്തിനുവേണ്ട അടിസ്ഥാനസൗകര്യമൊരുക്കുക എന്നിവ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കൂടാതെ ഏഴിമല നാവിക അക്കാഡമി, കണ്ണൂർ ജില്ലയിലെ പെരിങ്ങോം സി.ആർ.പി. ക്യാമ്പ് തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ടി പദ്ധതി നീലേശ്വരം മുനിസിപ്പാലിറ്റി, കയ്യൂർ, ചീമേനി, ചെറുവത്തൂർ, കിനാലൂർ, കരിന്തളം, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി തുടങ്ങിയ പഞ്ചായത്തുകളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും കേരള വാട്ടർ അതോറിറ്റി അധീനതയിൽ നടപ്പാക്കിവരുന്ന നിരവധി പദ്ധതികൾക്ക് നീലേശ്വരം, കാഞ്ഞങ്ങാട് മുനിപ്പാലിറ്റികൾക്കും പഞ്ചായത്ത് കുടിവെള്ള സ്കീമുകൾക്കും ഈ പദ്ധതിവഴി കുടിവെള്ളമെത്തിക്കാൻ കഴിയും. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ പാലായി വളവിൽ എസ്. ഡബ്ല്യു. ഇ. റെഗുലേറ്റർ കം ബ്രിഡ്ജിനായി ഐ.ബി.ആർ.ഡി. അംഗീകരിച്ച ഡിസൈൻ പ്രകാരമുള്ള 57 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു.

(37) ബിൽ തുക മാറ്റി കൊടുക്കൽ

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, കേരള വാട്ടർ അതോറിറ്റിയുടെ കൊല്ലം, കൊട്ടാരക്കര ഡിവിഷനുകളിൽപ്പെട്ട വിവിധ ഓഫീസുകളിൽ മെയിന്റനൻസ് വർക്ക് നടത്തുന്ന അറുപത്തിയഞ്ചോളം കരാറുകാർ ഇന്ന് സമരത്തിലാണ്. അതുകാരണം കൊല്ലം ജില്ലയിൽ കേരള വാട്ടർ അതോറിറ്റിയുടെ ഒരു പണിയും നടക്കുന്നില്ല. അതുകൊണ്ട് കരാറുകാർക്ക് ഈ ബിൽ തുക മാറി ലഭിക്കുന്നതിനു വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 3.45 കോടി രൂപയാണ് കൊട്ടാരക്കര കൊല്ലം ഡിവിഷനിലെ കുടിശ്ശിക. ആകെ 4.25 കോടി രൂപ കുടിശ്ശികയുണ്ട്. കരാറുകാർക്ക് ഫണ്ട് കൊടുക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബാക്കിയുള്ള സബ്മിഷൻ ധനവിനിയോഗ ബില്ലിന് ശേഷം അവതരിപ്പിക്കാവുന്നതാണ്.

V നിയമനിർമ്മാണ കാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരനടപടികളും

2014-ലെ കേരള ധനവിനിയോഗ (16 മുതൽ 20-ാം നമ്പർ വരെയുള്ള) ബില്ലുകൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കേരള ധനവിനിയോഗ (16 മുതൽ 20-ാം നമ്പർ വരെയുള്ള) ബില്ലുകൾ ഞാൻ അവതരിപ്പിക്കുന്നു.

1. 2014-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ
2. 2014-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ
3. 2014-ലെ കേരള ധനവിനിയോഗ (18-ാം നമ്പർ) ബിൽ
4. 2014-ലെ കേരള ധനവിനിയോഗ (19-ാം നമ്പർ) ബിൽ
5. 2014-ലെ കേരള ധനവിനിയോഗ (20-ാം നമ്പർ) ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (17-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (18-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (19-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (20-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly